# ഡിസൈപ്പിൾസ് ഗുഡ്ന്യൂസ്

DISCIPLES GOOD NEWS
Preaching the Good News to the End of the Earth

എല്ലാ ആഴ്ചയും പ്രസിദ്ധീകരിക്കുന്ന ന്യൂസ്പേപ്പർ

VOL .9 ISSUE 01
DATE OF PUBLICATION
14-04-2018 SATURDAY

Price. .10/- ₹ Pages 8

REGISTERED NEWS PAPER
Reg.No.KERMAL/2009/32384
POSTAL REG.NO: KL/TLA/230/2016-18
LICENCE NO: KL/TLA/WPP/179/2016-18


''GO THEREFORE AND MAKE DISCIPLES OF ALL THE NATIONS'' (MATHEW 28:19)


എല്ലാദിവസവും അപ്ഡേറ്റ് ചെയ്യപ്പെടുന്നതായ വാർത്തകൾക്ക് സന്ദർശിക്കുക www.disciplesnews.com, www.miraclesnews.com


## ആന്ധ്രയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന മാതാവിനെ മർദ്ദിച്ചു കൊലപ്പെടുത്തി

പ്രകാശം: ആന്ധ്രാപ്രദേശിൽ പ്രാർത്ഥനാ വരമുള്ള സ്ത്രീയെ മർദ്ദിച്ച് കൊലപ്പെടുത്തി. മാർച്ച് 21-ന് പ്രകാശം ജില്ലയിലെ ചദരജ്ജുപള്ളി സുബ്ബരവമ്മ (65) എന്ന ക്രിസ്തൃൻ മാതാവാണ് മരിച്ചത്. ബോള്ളാപ്പള്ളി ഗ്രാമത്തിലെ താമസക്കാരിയായ സുബ്ബരവമ്മ വൈകിട്ട് 5.30ന് പതിവുപോലെ തന്റെ വീടിന്റെ മുകൾ നിലയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ഒരാളെത്തി സുബ്ബരവമ്മയെ ക്രൂരമായി മർദ്ദിക്കുകയായിരുന്നു. തലയ്ക്കും ശരീരത്തിലും മാരകമായി പരിക്കേറ്റ് ഗുരുതരാവസ്ഥയിൽ കിടന്ന ഈ മാതാവിനെ വീട്ടുകാരും അയൽക്കാരും ചേർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പിന്നീട് മരണത്തിനു കീഴടങ്ങുകയായിരുന്നു. പ്രതി രാമു 20-നെ നാട്ടുകാർ തന്നെ പിടികൂടി പോലീസിനെ വരുത്തി കൈമാറി.

2008-ൽ കുമ്മര ആദിവാസി വിഭാഗത്തിൽ നിന്നും രക്ഷിക്കപ്പെട്ടു വിശ്വാസത്തിൽ വന്നതായിരുന്നു. അന്നു മുതൽ വളരെ പ്രാർത്ഥനാ ജീവിതം നയിച്ചു വരികയായിരുന്നു. സുബ്ബരവമ്മ ദിവസവേതന ജോലിക്കാരിയായിരുന്നു. തന്റെ താമസസ്ഥലത്തിനു സമീപമുള്ള മലയുടെ മുകളിൽ ഒരു ക്ഷേത്രമുണ്ട്. ധാരാളമാളുകൾ ഈ ക്ഷേത്രത്തോടനുബന്ധിച്ച് ദിവസ വേതനത്തിൽ ജോലി ചെയ്തു വരുന്നുണ്ട്. സുബ്ബരവമ്മയുടെ ആത്മീയ ജീവിതവും പ്രാർത്ഥനാ ജീവിതവും നിരീക്ഷിച്ചു വന്നിരുന്ന പ്രതി അപായപ്പെടുത്തുവാൻ തന്നെ കരുതികൂട്ടിയായിരുന്നു ആക്രമണം നടത്തിയത്. സുബ്ബരവമ്മ തന്റെ ഭർത്താവ് ജയരാമയ്യ, മകൻ സുബ്ബറാവു, മരുമകൾ എന്നിവരോടൊപ്പമായിരുന്നു താമസം. ദേശത്തിനുവേണ്ടി പ്രാർത്ഥിച്ചതിനായിരിക്കാം


സുബ്ബരവമ്മ

കൊലപ്പെടുത്തിയതെന്ന് ബന്ധുക്കൾ പറഞ്ഞതായി സഭാ പാസ്റ്റർ മോഹൻ റാവു പറഞ്ഞു. പ്രതി രാമു കിഴക്കൻ ഗോദാവരി ജില്ലാ സ്വദേശിയാണ്. സമീപ ക്ഷേത്രത്തിലെ മുഖ്യ പൂജാരിയുടെ അടുത്ത സുഹൃത്താണ് പ്രതിയെന്ന് സുബ്ബരവമ്മയുടെ വീട്ടുകാർ പറയുന്നു. സംഭവത്തിൽ ഗൂഢാലോചനയുണ്ട്. എന്നാൽ പ്രതിയെ പോലീസ് പിടികൂടിയെങ്കിലും 'ഭ്രാന്തൻ' എന്ന് ആരോപിച്ച് ആദ്യം കേസെടുക്കാൻ വിമുഖത കാട്ടിയിരുന്നു.

## യിസ്രായേലിന്റെ അവകാശത്തെ അംഗീകരിക്കുന്നു; സൗദി രാജകുമാരൻ


വാഷിംഗ്ടൺ: യിസ്രായേലിന്റെ അവകാശത്തെ അംഗീകരിച്ച് സൗദി രാജകുമാരന്റെ പ്രസ്താവന വൈറലാകുന്നു. സ്വന്തം രാജ്യം സ്ഥാപിച്ച് സമാധാനപരമായി ജീവിക്കാൻ യിസ്രായേല്യർക്ക് അവകാശമുണ്ടെന്ന് സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ രാജകുമാരൻ അഭിപ്രായപ്പെട്ട വാർത്തയാണ് ലോകശ്രദ്ധ നേടിയത്. പലസ്തീൻകാർക്കും യിസ്രായേലികൾക്കും സ്വന്തം രാജ്യത്തിന് അവകാശമുണ്ടെന്ന് യു.എസിലെ ദി അറ്റ്ലാന്റിക് മാഗസിന് നൽകിയ അഭിമുഖത്തിലാണ് രാജകുമാരൻ തന്റെ നിലപാട് വ്യക്തമാക്കിയത്. ഇതിനു മുന്നോടിയായി സമാധാന കരാർ ഉണ്ടാക്കണം. യെഹൂദ ജനതയ്ക്ക് അവരുടെ പൂർവ്വികന്മാരുടെ ഭൂമിയുടെ ഒരു ഭാഗത്ത് സ്വന്തം രാജ്യം സ്ഥാപി


മുഹമ്മദ് ബിൻ സൽമാൻ

ക്കാൻ അവകാശമുണ്ടെന്നു കരുതുന്നുണ്ടോ എന്ന് അറ്റാലാന്റിക് എഡിറ്റർ ഇൻ ചീഫ് ജെഫ്രി ഗോൾഡ്ബർഗ് ചോദിച്ചപ്പോഴാണ് സൽമാൻ രാജകുമാരന്റെ മറുപടിയുണ്ടായത്. യിസ്രായേൽ എന്ന രാജ്യം പുനസ്ഥാപിച്ചതായിപ്പോലും ഇതുവരെ സൗദി അറേബ്യ അംഗീകരിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് സൗദി രാജകുമാരന്റെ വ്യത്യസ്ഥമായ നിലപാടെന്ന് ലോകം ആകാംഷയോടെ വീക്ഷിക്കുന്നത്.

## ആഗോള താപനം നിയന്ത്രിക്കാനായി അന്തരീക്ഷത്തിൽ ക്രിത്രിമ പാളി ഉണ്ടാക്കുന്നു

ആഗോളതാപനം വർദ്ധിച്ചു വരുന്നതിൽ ആശങ്കപൂണ്ട ശാസ്ത്രലോകം മറുമരുന്നുമായി രംഗത്തു വരുന്നു. ഹരിതഗൃഹവാതകങ്ങൾ പുറന്തള്ളുന്നതു കുറയ്ക്കുന്ന പദ്ധതിക്കു പിന്നാലെയാണ് വികസ്വര രാഷ്ട്രങ്ങളിലെ ഒരുകൂട്ടം ഗവേഷകർ പുതിയ ആശയവുമായി രംഗത്തു വന്നിരിക്കുന്നത്. രാസവസ്തുക്കൾകൊണ്ട് അന്തരീക്ഷത്തിൽ ഒരു 'നേർത്ത പാളിയുണ്ടാക്കി' സൂര്യപ്രകാശത്തിന്റെ വരവു കുറയ്ക്കുക എന്നതാണ് പദ്ധതി. ഇതിന് മാൻ മെയ്ഡ് സൺ ഷെയ്ഡ് എന്നാണ് ഈ പാളിക്കു നൽകിയിരിക്കുന്ന വിശേഷണം. അഗ്നി പർവ്വത സ്ഫോടന സമയത്ത് അന്തരീക്ഷത്തിലേക്കു തള്ളപ്പെടുന്ന ചാരവും മറ്റും ഒരു നേർത്ത പാളിയായി അന്തരീക്ഷത്തിൽ നാളുകളോളം തങ്ങിനിൽക്കാറുണ്ട്. സൂര്യ പ്രകാശത്തെ തടയാൻ ശേഷിയുള്ള ഇവ ഭൂമിയിൽ തണുപ്പു കൂട്ടാനും കാരണമാകുന്നു. നിയന്ത്രണവിധേയമായ നിലയിൽ ഇപ്രകാരം ഭൂമിക്ക് 'ഒരു പുതപ്പ്' നൽകിയാൽ താപനില കുറയ്ക്കാനാകുമെന്നാണ് ഗവേഷകർ ചിന്തിക്കു




ന്നത്.

'സോളാർ ജിയോ എൻജിനീയറിംഗ്' എന്നാണ് ഈ പരീക്ഷണത്തിനു നൽകിയിരിക്കുന്ന പേര്. അഗ്നിപർവ്വത സ്ഫോടനത്തെ തുടർന്നുണ്ടാകുന്ന 'ചാരക്കുട' കൃതിമമായി നിർമ്മിക്കുകയാണ് ലക്ഷ്യം. ഇപ്പോൾത്തന്നെ ഹാവാർഡ്, ഓക്സ്ഫോഡ് പോലുള്ള


ശേഷം പേജ് 2 ൽ ▶


## ഐപിസി സണ്ടേസ്കൂൾ ജനറൽ ക്യാമ്പ് കോട്ടയത്ത്

കുമ്പനാട്: ഐപിസി സണ്ടേസ്കൂൾസ് അസോസിയേഷൻ ജനറൽ ക്യാമ്പ് ഏപ്രിൽ 30-മെയ് 2 വരെ കോട്ടയം ഐപിസി തിയോളജിക്കൽ സെമിനാരിയിൽ നടക്കും. രാവിലെ 10-ന് ഉദ്ഘാടനം നടക്കും. കുട്ടികൾ, കൗമാരക്കാർ, അദ്ധ്യാപകർ/രക്ഷിതാക്കൾ എന്നിവർക്കായി ഒരേ സമയം മൂന്നു സെക്ഷനുകൾ നടക്കും.

15-ാം ക്ലാസ് പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാനം മെയ് ഒന്നിനു നടക്കും. ഗാനങ്ങൾ, കഥകൾ, പപ്പറ്റ് ഷോ, മാജിക് ഷോ, ഗെയിമുകൾ, സമ്മാനങ്ങൾ, സ്നേഹവിരുന്ന്, ആരാധന, സംവാദം, ചോദ്യോത്തരവേള, പ്രായോഗിക സമീപനം, സോഷ്യൽ മീഡിയ, ടീനേജ് പ്രശ്നങ്ങൾ, കൗൺസിലിംഗ്, അദ്ധ്യാപക പരിശീലനം എന്നിവ ഉണ്ടായിരിക്കും. മെയ് 2-ന് മൂന്നു മണിക്ക് സമാപന സമ്മേളനം നടക്കും.

ഐപിസി സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ്, പേട്രണായും, ജോയി താനുവേലിൽ ജനറൽ കൺവീനറായും, പാസ്റ്റർ സണ്ണി ജോർജ്ജ് ജനറൽ കോ-ഓർഡിനേറ്ററായും, ഡയറക്ടർ കുര്യൻ ജോസഫ്, ജനറൽ സെക്രട്ടറി പാസ്റ്റർ ജോസ് തോമസ് ജേക്കബ്, ട്രഷറർ അജി കല്ലുങ്കൽ, ഡെപ്യൂട്ടി ഡയറക്ടർമാരായ പാസ്റ്റർ


ശേഷം പേജ് 2 ൽ ▶

ഡിസൈപ്പിൾസ് ഗുഡ്ന്യൂസ്
DISCIPLES GOOD NEWS
Preaching the Good News to the End of the Earth
Vol.9. Issue 01
2018 APRIL 14



**ചീഫ് എഡിറ്റർ**
ഷാജി. എസ്
ഫോൺ : 9895464665
shaji@disciplesministry.com

**സബ് എഡിറ്റർ**
ഓംപ്രകാശ്

എഡിറ്റോറിയൽ

# തെറ്റായ മാർഗ്ഗത്തിലൂടെയുള്ള അഭിവൃദ്ധി

**മാ**നസാന്തരത്തിന്റെ സുവിശേഷം കേൾക്കുവാൻ ഇന്ന് പലർക്കും താൽപ്പര്യമില്ല. അതിനു പ്രധാന കാരണം തങ്ങളുടെ ജീവിത ശൈലിയും ശ്രേഷ്ഠ മഹിമകളും പാപപ്രവർത്തികളും ഉപേക്ഷിക്കുവാനുള്ള മടിയാണ്. എന്നാൽ പലവിധ രോഗങ്ങളും മനുഷ്യനെ കാർന്നു തിന്നുന്ന കാലമായതിനാൽ തങ്ങളുടെ രോഗങ്ങൾക്കു കാരണമാകുന്ന ക്രമവിരുദ്ധമായ ആഹാരശീലങ്ങൾ, പുകവലി, മദ്യപാനം ഇവയൊക്കെ ഉപേക്ഷിക്കുവാൻ ബുദ്ധിയുള്ള ചിലരൊക്കെ തയ്യാറാകുന്നു. ഡോക്ടർമാരുടെ നിർദ്ദേശമാണിതിനു കാരണം. അതുകൊണ്ടു തന്നെ ദുശ്ശീലങ്ങളെ ഉപേക്ഷിക്കുവാൻ നല്ലൊരു ശതമാനം പേർക്കും മനസ്സുണ്ട്. എന്നാൽ ആഡംബര ജീവിതവും ധനമോഹവുമൊക്കെ ഉപേക്ഷിക്കുവാൻ താൽപ്പര്യം കാട്ടുന്നില്ല. ഇവ രണ്ടും കൂടുതൽ കരുത്തോടെ ജീവിതത്തിന്റെ ഭാഗമാകുവാനുള്ള തീവ്രശ്രമമാണ് ബഹുഭൂരിപക്ഷത്തിനുമുള്ളത്. എങ്ങനെയെങ്കിലും പണം സമ്പാദിക്കുക, ആഡംബര ജീവിതം നയിക്കുക ഇതൊക്കെ ഒരു സ്റ്റൈലായിക്കാണുന്ന സമൂഹമാണ് നമ്മുടേത്. പണവും, സമ്പത്തും മനുഷ്യന് അത്യാവശ്യ ഘടകങ്ങളാണ്. ഇവ രണ്ടും ഇല്ലെങ്കിൽ നമുക്കു ജീവിക്കുവാൻ സാദ്ധ്യമല്ല. എന്നാൽ അത് നേടുവാനുള്ള തെറ്റായ മാർഗ്ഗവും കൈകാര്യം ചെയ്യുന്നതിലെ പിഴവുമാണ് ദൈവത്തിനു നിഷിദ്ധം. ഇങ്ങനെയുള്ളവർക്ക് സത്യദൈവത്തോടു യാതൊരു ബഹുമാനവും ഭയവും ഉണ്ടായിരിക്കുകയില്ല. ദൈവം വ്യാജമാർഗ്ഗത്തെ വെറുക്കുന്നവനാണ്. ആത്മീക അഭിവൃദ്ധിക്കൊപ്പം ഭൗതിക അഭിവൃദ്ധിയും ദൈവജനത്തിന്റെ അവകാശമാണ്. അബ്രഹാം മുതലുള്ള നമ്മുടെ പൂർവ്വപിതാക്കന്മാർ എല്ലാം ഇതു പ്രാപിച്ചവരാണ്.

പുതിയനിയമത്തിലേക്കു വരുമ്പോൾ യേശു ഒരു ഉപമ നമ്മെ പഠിപ്പിക്കുന്നു. “സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നതു എത്ര പ്രയാസം. ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം എന്നു പറഞ്ഞു” (ലൂക്കോ.18:24,25) ഒരു ധനവാനായ യുവാവിന് സ്വർഗ്ഗരാജ്യത്തിൽ കടക്കുവാനുള്ള തടസ്സത്തെക്കുറിച്ച് യേശു അഭിപ്രായപ്പെട്ടതിനുശേഷമാണ് ഈ വാക്യം ഉദ്ധരിച്ചത്. യുവാവ് തന്റെ സമ്പത്തിൽ മാത്രം ആശ്രയിച്ചതിനാൽ നിത്യജീവൻ പ്രാപിക്കുവാനുള്ള അവസരം ലഭിക്കില്ല എന്നു യേശു സൂചിപ്പിക്കുന്നു. കാരണം അവന്റെ ലക്ഷ്യം ധനസമ്പാദനം മാത്രമാണ്. ധനസുഖത്തിൽ മാത്രം ലയിച്ചു ജീവിക്കുക എന്നതു മാത്രമാണ് അവൻ ആഗ്രഹിക്കുന്നത്. സാൻമാർഗ്ഗികമായ ചില കാര്യങ്ങൾ അവൻ വളരെ കൃത്യമായി അനുഷ്ഠിച്ചു പോരുന്നു. എന്നാൽ ദൈവത്തെ വേണ്ടവിധത്തിൽ അവൻ ആശ്രയിക്കുന്നില്ല എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള അവസ്ഥയിൽ ദൈവം അവനെ എങ്ങനെ രക്ഷിക്കും എന്നുള്ള സന്ദേശമാണ് ഇവിടെ കാണുന്നത്. സൂചിക്കുഴ എന്നുദ്ദേശിക്കുന്നത് അന്നത്തെ പ്രധാന കവാടത്തിനരുകിൽ ഉണ്ടായിരുന്ന ഒരു ചെറിയ വാതിൽ ആയിരുന്നു. മുട്ടിന്മേൽ ഇഴഞ്ഞ് അതിലൂടെ ഒരു ഒട്ടകത്തിന് വളരെ ബുദ്ധിമുട്ടി പ്രവേശിക്കണമായിരുന്നു. ഈ അനുഭവം തന്നെയാണ് ദൈവത്തെ വേണ്ടിവിധത്തിൽ ആശ്രയിക്കാത്തവരായ ധനികർക്കുള്ള അനുഭവം. ഇന്നു ആത്മീകരെന്നും, ദൈവമക്കളെന്നും അഭിമാനിക്കുന്ന പലർക്കും എങ്ങനെയെങ്കിലും പണം സമ്പാദിക്കുക എന്ന ലക്ഷ്യം മാത്രമാണുള്ളത്. തെറ്റായ മാർഗ്ഗത്തിലൂടെയും അല്ലാതെയും ധനം സമ്പാദിക്കാനുള്ള ശ്രമത്തിനിടയിൽ ദൈവീക ദർശനം, വിശ്വാസം, പ്രത്യാശ, സഹോദരസ്നേഹം, സുവിശേഷത്തെക്കുറിച്ചുള്ള ആത്മഭാരം ഇവയെക്കുറിച്ചുള്ള ശ്രദ്ധ നഷ്ടപ്പെടുന്നു. ഇങ്ങനെയുള്ളവർ എങ്ങനെയാണ് നിത്യത അവകാശമാക്കുന്നത്?. പ്രിയരെ നമ്മുടെ മനോഭാവം മാറണം. നാം ശരിയായ നിലയിൽ മാനസാന്തരപ്പെടണം. അനുതപിക്കണം. ധനവും, മാനവും, പുരാതനസമ്പത്തും ദൈവീക അനുഗ്രഹങ്ങളാണ്. അത് ശരിയായ രീതിയിൽ മാത്രം നാം പ്രാപിക്കുക.

**പാസ്റ്റർ ഷാജി.എസ്**

1-ാം പേജിൽനിന്നു തുടർച്ച...

### ആഗോള താപനം നിയ.....

സർവ്വകലാശാലകൾ സോളാർ ജിയോ എഞ്ചിനീയറിംഗിൽ പഠനം നടത്തുന്നുണ്ട്. എന്നാൽ പഠനം ഉദ്ദേശിച്ച രീതിയിൽ പെട്ടന്നു മുന്നേറാൻ കഴിയുന്നില്ല. 1267 ഗവേഷകരുടെ കൂട്ടായ്മയുടേതാണ് തീരുമാനം. സോളാർ ജിയോ എഞ്ചിനീയറിംഗ് വരൾച്ചയിലും മൺസൂണിലും വെള്ളപ്പൊക്കത്തിലുമെല്ലാം എങ്ങനെ പ്രതികരിക്കുന്നുവെന്നാണ് ആദ്യം അറിയേണ്ടത്. സൂര്യ പ്രകാശത്തെ പ്രതിഫലിപ്പിക്കുന്ന സൾഫർ കണികകളെ വിമാനങ്ങളിൽ ആകാശത്ത് സ്പ്രേ ചെയ്യുന്ന രീതിയാണ് ആദ്യം പരീക്ഷിക്കുക. ഇത് എത്രമാത്രം വിജയിക്കുമെന്നുള്ള കാര്യത്തിലും ഉറപ്പു പറയാറായിട്ടില്ല. ഒന്നുകിൽ ഇത് വളരെ ഗുണകരം, അല്ലായെങ്കിൽ എല്ലാം കീഴ്മേൽ മറിയും എന്ന അവസ്ഥയിലാണ് കാര്യങ്ങളുടെ പോക്ക്. സോളാർ ജിയോ എഞ്ചിനീയറിംഗ് സാമ്പത്തികമായും സാമൂഹികമായും ഉൾപ്പെടെ അസാദ്ധ്യമാണെന്നാണ് ഐക്യരാഷ്ട്ര സംഘടനയുടെ നിലപാട്. കാലാവസ്ഥാ ക്രമം തെറ്റുമെന്നാണ് യു.എന്നിന്റെ ഏറ്റവും വലിയ ആശങ്ക. ഒരിക്കൽ ആരംഭിച്ചു കഴിഞ്ഞാൽ പിന്നെ പിടിച്ചു നിർത്തുവാൻ പോലും കഴിയാത്തവിധം അപകടകരമായ അവസ്ഥ സൃഷ്ടിക്കുമെന്നും ഐക്യരാഷ്ട്രസഭ മുന്നറിയിപ്പു നൽകുന്നു.

1-ാം പേജിൽനിന്നു തുടർച്ച...

### ഐപിസി സണ്ടേസ്കൂൾ.....

സാം വർഗീസ്, തോമസ് മാത്യു ചാരുവേലിൽ, അസോസിയേറ്റ് സെക്രട്ടറിമാരായ ജോജി ഐപ്പ് മാത്യൂസ്, പാസ്റ്റർ സി.റ്റി. ജോൺ, സണ്ണി ഏബ്രഹാം തുടങ്ങിയവർ കൺവീനർമാരുമായി പ്രവർത്തിക്കുന്നു.

5-ാം പേജിൽനിന്നു തുടർച്ച...

### കൊതുക് ചാകും.....

കൊതുകുകളെ കൊല്ലുക. കെനിന മെഡിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് യു.എസ്. സെന്റേഴ്സ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലായിരുന്നു ഗവേഷണം. കെനിയയിൽ നിന്നുള്ള 139 വോളണ്ടിയർമാരുടെ സഹകരണത്തോടെയായിരുന്നു മരുന്നു പരീക്ഷണം. മലേറിയ രോഗികൾ അടക്കമുള്ളവരിൽ ഐവർവെക്ടിൻ കുത്തിവെയ്ക്കുകയായിരുന്നു. മൂന്നു ദിവസമാണ് മരുന്നു നൽകിയത്. ഇവരുടെ രക്തം കുടിച്ച 97 ശതമാനം കൊതുകുകളും ചത്തതായി ‘ദ് ലാൻസെറ്റ് ഇൻഫെക്ടിയസ് ഡിസീസ്’ റിപ്പോർട്ടു ചെയ്തു. രാസഘടകം സ്വീകരിക്കുന്ന മനുഷ്യർ 28 ദിവസത്തോളം കൊതുകുകൾക്ക് അപകടകാരിയാകുമെന്നാണ് ഗവേഷകർ അഭിപ്രായപ്പെടുന്നത്

അറിയിപ്പ്

ഡിസൈപ്പിൾസ് ഗുഡ് ന്യൂസ് പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെയും സ്ഥിരംപംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്ക് മാത്രമാണ്.

പത്രാധിപർ


പത്രസംബന്ധമായ എല്ലാ വിഷയങ്ങൾക്കും ഞങ്ങളുമായി ബന്ധപ്പെടുക.

Office: 04792452420
Pr.Shaji : 09895464665
Pr.Aji David : 09847370509

ഡിസൈപ്പിൾസ് ഗുഡ്ന്യൂസിലേക്ക് നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലേഖനങ്ങളും പ്രാർത്ഥനാവിഷയങ്ങളും ഇപ്പോൾ ഇ-മെയിൽ വഴി അയയ്ക്കാവുന്നതാണ്. അതിനായി താഴെ കൊടുത്തിരിക്കുന്ന ഇ-മെയിൽ വിലാസങ്ങൾ ഉപയോഗിക്കുക.

ന്യൂസ് - news@disciplesministry.com
നിർദ്ദേശങ്ങൾ - info@disciplesministry.com
പ്രാർത്ഥനാവിഷയം -prayertower@disciplesministry.com
prayer@disciplesministry.com
എഡിറ്റർ - shaji@disciplesministry.com



തുടർപരമ്പര
ഭാഗം: 304

പാസ്റ്റർ ഷാജി. എസ്.
shaji@disciplesministry.com

## എന്നേശു നായകൻ വാനമേഘേ

(മഴവില്ലും സൂര്യ ചന്ദ്രനും എന്ന രീതി)

1. എന്നേശു നായകൻ വാനമേഘേ
   എന്നെയും ചേർത്തിടാൻ വന്നിടുമേ
   എന്തൊരു സന്തോഷം ആ ദിനത്തിൽ
   എനിക്കു വർണ്ണിപ്പാൻ സാദ്ധ്യമല്ല
2. പാപിയാം എന്നെയും തേടി
   പാരിതിൽ വന്നു പാവന നാഥൻ
   പാപത്തിൻ ശിക്ഷകൾ ഏറ്റെടുത്തു
   പാപിയാം എന്നെയും വീണ്ടെടുത്തു — എന്നേശു
3. കഷ്ടത പട്ടിണി തീരാത്ത
   കാലത്തു നാമിപ്പോൾ ജീവിച്ചാലും
   കാത്തിടും എന്നെയും തൻ കരത്തിൽ
   കാലാവസാന നാൾ വരെയും — എന്നേശു
4. ദൈവത്തിൻ മക്കളെ ചേർത്തിടുവാൻ
   ദൈവദൂതുമായ് വന്നിടുമേ
   ദൈവത്തെ പാടി സ്തുതിച്ചുകൊണ്ട്
   ദൈവരാജ്യത്തിലേക്കുയർന്നിടുമേ — എന്നേശു

## എന്നേശു നായകൻ വാനമേഘേ

### *രചന: സൈമൺ പയ്യന്നൂർ, ഗുജറാത്ത്*

"ധന്യനായ ഏകാധിപതിയും രാജാധിരാജാവും, കർത്താധി കർത്താവും താൻ മാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യർ ആരും കാണാത്തവനും കാണുവാൻ കഴിയാത്തവനുമായവൻ തക്ക സമയത്തു ആ പ്രത്യക്ഷത വരുത്തും. അവനു ബഹുമാനവും നിത്യ ബലവും ഉണ്ടാകട്ടെ"
1 തിമൊ. 6:15,16

മഴവില്ലും സൂര്യനും ചന്ദ്രനും' എന്ന ഗാനത്തിന്റെ രീതി കേട്ട ഒന്നാം നാൾ തന്നെയും അതിനോട് പ്രത്യേക പ്രിപത്തി. ചില രാഗങ്ങൾ വശ്യങ്ങളാണല്ലൊ. ഈ രാഗവും താലോലിച്ച് മുന്നോട്ടു പൊയ്ക്കൊണ്ടിരുന്ന സഹോ. സൈമൺ പയ്യന്നൂരിൽ രചനാ വാസന ഉണർകൊള്ളുന്നത് താൻ തന്നെ അറിഞ്ഞില്ല. വർഷം 1984. മാസം ഒക്ടോബർ. വയസ് 19. അന്നാണ് ആദ്യഗാനത്തിന്റെ വരികളുണർന്നത്. പതിമൂന്നാം വയസ്സിൽ 1978-ലെ ആണ്ടറുതി യോഗത്തിലെ പ്രസംഗത്തിൽ രക്ഷിക്കപ്പെട്ട് പതിനാലാം വയസ്സിൽ സ്നാനമേറ്റ തന്നിൽ പാരിതിൽ വന്ന് പാപശിക്ഷകളേറ്റ് വീണ്ടെടുപ്പ് സാദ്ധ്യമാക്കിയ രക്ഷിതാവിനെക്കുറിച്ചുള്ള ചിന്ത മുളയിട്ടു. കഷ്ടത, പട്ടിണി എന്നി അവസ്ഥകളിൽ മാത്രമല്ല കാലാവസാന നാൾ വരെയും കാത്തിടുകയും തന്റെ മക്കളെ ചേർത്തിടുവാൻ ദൈവദൂതരുമായ് വാനമേഘേ വീണ്ടും വരികയും ചെയ്യും എന്നീ വിചാരങ്ങളാൽ ഹൃത്തടം നിറകൊണ്ടപ്പോൾ 'എന്നേശു നായകൻ' എന്ന സൈമൺ പയ്യന്നൂരിന്റെ കന്നിഗാനം വരികളായി. തുടർന്ന് രചിക്കുവാൻ കർത്താവ് തുണച്ചു. ഹിന്ദി ക്രിസ്തീയ ഗാനങ്ങളുടെ രീതിയാണ് പല ഗാനങ്ങളിലും അവലംബിച്ചിട്ടുള്ളത്.

1965 മെയ് 27-ാം തീയതി സഹോ. ടി.എസ്. ജോണിന്റെയും ഏലിയാമ്മയുടെയും മകനായി പയ്യന്നൂരിലെ വാലേൽ കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ട സഹോ. സൈമൺ പെരിങ്ങോം ബ്രദറൺ സഭാംഗമായിരുന്നു. 1982 മുതൽ 84 വരെ ഒ.എം. ടീമിനോട് ചേർന്ന് ഗുജറാത്തിലെ പ്രവർത്തനത്തിൽ സഹകരിച്ചുകൊണ്ടിരുന്നപ്പോഴാണ് ഗുജറാത്തിൽ തന്നെ പ്രവർത്തിക്കണം എന്ന് ആഗ്രഹിച്ചത്. അതിനനുസരണമായ് 1988 ഫെബ്രുവരി 28-ാം തീയതി സ്വയം സമർപ്പിച്ചു.

ഗാന്ധിദാം എന്ന സ്ഥലത്ത് കേന്ദ്രീകരിച്ച് ഫലകരമായ് പ്രവർത്തിപ്പാൻ കർത്താവ് കൃപ ചെയ്തുവരുന്നു. ആശുപത്രികൾ സന്ദർശിച്ച് സുവിശേഷം പറയുന്ന ഹോസ്പിറ്റൽ ഇവാഞ്ചലിസം ഫെലോഷിപ്പിന്റെ സെക്രട്ടറി, സന്തോഷധ്വനി മാസികയുടെയും ജഗത്ജ്യോതി എന്ന ഗുജറാത്തി മാസികയുടെയും പത്രാധിപർ, ബ്രദറൺ ലിറ്ററേച്ചർ മിനിസ്ട്രി, ബുക്ക് റൂം എന്നിവയുടെ ഡയറക്ടർ എന്നീ നിലകളിലുള്ള ഉത്തരവാദിത്വങ്ങളോടെ വാമൊഴിയായും, വരമൊഴിയായും പ്രവർത്തിച്ചു വരുന്ന തന്നിൽനിന്ന് ചില ഗ്രന്ഥങ്ങളും നമുക്ക് സ്വന്തമായിട്ടുണ്ട്. മേൽപറഞ്ഞ മിക്ക പ്രവർത്തനവും തന്റെ ചിന്തയുടെ സന്തതിയാണ്.

അങ്കമാലിയിലെ ബി.ബി.റ്റി.ഐ. യിൽ വചനം അഭ്യസിക്കാൻ സംഗതിയായിട്ടുള്ള താൻ രോഗങ്ങളുടെയും, ദുഃഖങ്ങളുടെയും, കഷ്ടതകളുടെയും, പട്ടിണിയുടെയും മദ്ധ്യേ കൂടെ പ്രവർത്തനോൽസുകനായ് വീറോടെ മുന്നേറുന്നു. 1996 ആഗസ്റ്റ് 15-ാം തീയതി ആർ.എസ്.എസ്., ബജരംഗദൾ, വി.എച്ച്.പി. എന്നീ ഗ്രൂപ്പുകളുടെ ക്രൂരമായ മർദ്ദനത്തിന് നാല് സഹപ്രവർത്തകരോടൊപ്പം താനും ഇരയായി. ജീവാപായം പോലും ഭവിക്കാമായിരുന്നു. എങ്കിലും കർത്താവ് കരുതി.

1986 ഡിസംബർ 12-ാം തീയതി കലഞ്ഞൂരിലുള്ള മുരുപ്പേൽ ഭവനത്തിൽ ഐസക് അച്ചാമ്മ ദമ്പതികളുടെ മകളെ ജീവിത പങ്കാളിയായ് സ്വീകരിച്ചു. ഷാന്റി, ഐനി എന്നീ രണ്ടുമക്കളോടൊപ്പം കുടുംബമായിട്ട് ഗാന്ധിദാമിൽ കർത്താവിനെ സേവിച്ചു വരുന്ന ഈ പ്രതിഭാധനൻ ഗുജറാത്തിലെ വേലയ്ക്ക് അനുഗ്രഹമായിരിക്കുന്നു.

**ആത്മീയ ഗാനങ്ങളുടെ പുതിയ ഉറവിടത്തിനായി അടുത്തലക്കം പ്രാർത്ഥനയോടെ കാത്തിരിക്കുക (തുടരും)**

## പാമ്പുകളില്ലാത്ത രാജ്യം അയർലന്റ്; നിഗൂഢത വെളിപ്പെടുത്തി ശാസ്ത്രലോകം

ഡബ്ലിൻ: ലോകത്ത് പാമ്പുകളില്ലാത്ത പ്രദേശമെന്ന വിശേഷണത്തിനു വിധേയമായ രാജ്യമാണ് അയർലന്റ്. പടിഞ്ഞാറൻ യൂറോപ്യൻ രാജ്യമായ അയർലന്റിനെക്കുറിച്ച് മുമ്പു പല വിവരങ്ങളും പ്രചരിച്ചിരുന്നു. ലോകത്തിലെ എല്ലാ രാജ്യങ്ങളിലെയും മിക്ക കോണുകളിലും വിവിധ തരം പാമ്പുകൾ കാണപ്പെടുമ്പോൾ അയർലന്റിൽ മാത്രം എന്തുകൊണ്ട് പാമ്പിനെ കാണുന്നില്ല എന്ന ചോദ്യത്തിന് ഇപ്പോൾ ശാസ്ത്രലോകം ഉത്തരം കണ്ടെത്തിയിരിക്കുകയാണ്. പാട്രിക് പുണ്യാളൻ പാമ്പുകളെ അയർലന്റിൽനിന്നും ആട്ടിയോടിച്ചു സമുദ്രത്തിലേക്കു പായിച്ചു എന്നതുൾപ്പെടെയുള്ള നിരവധി കിംവദന്തികളാണ് ഇവിടെ പ്രചരിച്ചു വന്നിരുന്നത്. എന്നാൽ അയർലന്റിലെ പാമ്പുകൾ എങ്ങും പോയി മറഞ്ഞതല്ല. ഇതുവരെ ആ രാജ്യത്ത് പാമ്പുകളുണ്ടായിട്ടു വേണ്ടെ ഓടിയൊളിക്കാനെന്ന് ഗവേഷകർ പറയുന്നു.

അതായത് ഏകദേശം 100 ദശലക്ഷം വർഷങ്ങൾക്കു മുമ്പാണ് പാമ്പുകൾ ഭൂമിയിൽ ആവിർഭവിച്ചതെന്നാണ് ശാസ്ത്രലോകത്തിന്റെ വിലയിരുത്തൽ. ആ സമയത്ത് ഗോണ്ട്വാലാന്റ് എന്ന് ഒറ്റ വൻകരയായിരുന്നു ഉണ്ടായിരുന്നത്. അതേ സമയം അയർലന്റ് ഈ വൻകരയുടെ ഭാഗമായിരുന്നില്ല. ലക്ഷക്കണക്കിനു വർഷങ്ങൾക്കുശേഷം സമുദ്രത്തിനടിയിൽനിന്നാണ്



അയർലന്റ് രൂപം പ്രാപിച്ചു വന്നത്. അയർലന്റു ഉയർന്നു വന്നപ്പോൾ മഞ്ഞുമൂടിയ പ്രദേശമായിരുന്നു അത്. മഞ്ഞുപാളികൾ വഴി ബ്രിട്ടനുമായി അയർലന്റു ബന്ധപ്പെട്ടു കിടന്നിരുന്നുവെങ്കിലും മഞ്ഞ് പാമ്പിനെ അകറ്റിനിർത്തി. തുടർന്നു 15000 വർഷങ്ങൾക്കുശേഷമാണ് അയർലന്റിൽനിന്നും മഞ്ഞു പൂർണ്ണമായി ഇല്ലാതായി ത്തീർന്നത്. എന്നാൽ ഈ പ്രതിഭാസത്തിനിടയിൽ ബ്രിട്ടനും അയർലന്റിനുമിടയിൽ 12 മൈൽ ദൂരത്തിൽ സമുദ്രം രൂപപ്പെടുകയും ചെയ്തതോടെ പാമ്പുകൾക്ക് കടന്നു കയറാനുള്ള സാഹചര്യം ഇല്ലാതാകുകയായിരുന്നുവെന്നാണ് ശാസ്ത്രലോകത്തിന്റെ കണ്ടെത്തൽ.

അയർലന്റിനേപ്പോലെ പാമ്പുകൾ ഇല്ലാത്ത രാജ്യമാണ് ഐസ്ലാന്റ്, ന്യൂസിലാന്റ്, ഗ്രീൻലാന്റ് എന്നീ രാജ്യങ്ങൾ. അന്റാർട്ടിക്കയിലും പാമ്പുകളില്ല.

# ഭൂമി വാസയോഗ്യം അല്ലാതാകുന്നുവോ?

ഇവാ: അനീഷ് കൊഴുവല്ലൂർ



ഭൂമി എന്ന ഗ്രഹം ദൈവസൃഷ്ടിയാണ്. ഇതിന്റെ ഉത്ഭവത്തെക്കുറിച്ച് നിരവധി വിശ്വാസങ്ങളും, ആശയങ്ങളും ഇന്ന് നിലവിലുണ്ട്. ഭൂമിയെ അമ്മയായും ദേവിയായും ഭാരതീയർ ബഹുമാനിക്കുന്നു. ഭൂമിയെ ദൈവവത്ക്കരിക്കുന്നത് വചനാടിസ്ഥാനത്തിൽ തെറ്റാണ്. കാരണം ഭൂമിയെ ദൈവം സൃഷ്ടിച്ചു (സങ്കീ:90:2). ഇതിനർത്ഥം ഭൂമിക്കുമുമ്പേ ദൈവം ഉണ്ടായിരുന്നു എന്നാണ്. ഉല്പത്തി:1:1,2, യെശയ്യാവ്:45:18, സങ്കീ:90:2 ഈ വേദഭാഗങ്ങൾ ഭൂമിയെ ദൈവം സൃഷ്ടിച്ചു എന്നു തെളിയിക്കുന്നു.

ഭൂമിയിൽ ആദ്യം വസിച്ചിരുന്നവർ ദൂതന്മാർ ആയിരുന്നു. പാപഫലമായി അതിൽനിന്ന് അവർ പുറന്തള്ളപ്പെട്ടു. തത്ഫലമായി പാഴും ശൂന്യമായിത്തീർന്ന ഭൂമി യഥാസ്ഥാനപ്പെടുത്തിയാണ് നാം ഇന്നുകാണുന്ന ഈ ഭൂമി നമുക്കു ലഭ്യമായത്. ഒരർത്ഥത്തിൽ ചിന്തിച്ചാൽ മനുഷ്യനുവേണ്ടിയുള്ള സകല കരുതലുകളും ദൈവം ഭൂമിയിൽ ചെയ്തുവെച്ചിരിക്കുന്നു. പക്ഷേ ആദാമ്യപാപം പിന്നെയും ഭൂമിക്കുപ്രശ്നകാരണമായിത്തീർന്നു. ദൈവം ആദാമിനോട് പറഞ്ഞു "നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു". ഇന്ന് ഭൂമി നേരിടുന്ന സകല പ്രശ്നങ്ങൾക്കും കാരണം മനുഷ്യനും അവനിൽനിന്നും പുറപ്പെടുന്ന പാപവും ആകുന്നു. ദൈവീകസൃഷ്ടികർമ്മത്തിലെ ഭൂമി മനോഹരം ആയിരുന്നു. പക്ഷേ മനുഷ്യൻ ആ സാഹചര്യങ്ങൾക്കും ശവക്കുഴി കുഴിച്ചു. ഒരു ചിന്തകൻ പറയുന്നത് "ഭൂമിയെ കാർന്നുതിന്നുന്ന ക്യാൻസറാണ് മനുഷ്യൻ" എന്നാണ്. ചിന്തിച്ചാൽ എത്രയോ വാസ്തവമായ കാര്യമാണിത്.

ഗ്രാമവാസിയായി ജീവിതം തുടങ്ങിയ മനുഷ്യൻ പട്ടണവാസം കൊതിച്ചു പട്ടണവാസിയായി ജീവിതവും മടുത്ത് ഇന്ന് അവൻ ഭൂമിഎന്ന ഗോളം വിട്ടു മറ്റേതെങ്കിലും ഗോളത്തിൽ വസിക്കാൻ ആഗ്രഹിക്കുന്നു. അതിനു കാരണം പലതാണ്. 2030 ആകുമ്പോഴേയ്ക്കും ജനപ്പെരുപ്പം വളരെ ഭീമാകാരമായ രീതിയിൽ വർദ്ധിക്കുമെന്നും മനുഷ്യന് ആവശ്യമായ പ്രകൃതിസമ്പത്തുകൾ ലഭിക്കണമെങ്കിൽ രണ്ടാമത് ഒരു ഭൂമിയുടെ ആവശ്യംകൂടി വേണ്ടിവരും എന്ന ഭീതിയും, പ്രകൃതി ദുരന്തങ്ങളുടെ ആവർത്തനവും, പുതിയ പുതിയ രോഗങ്ങളും ആഗോള താപനവും, സാങ്കേതിക വിദ്യകളുടെ ദുരുപയോഗവും ഇങ്ങനെയുള്ള നിരവധി ഭീഷണികൾ മനുഷ്യനെ ഭൂമി വിട്ട് മറ്റൊരുഗൃഹം പണിയാൻ പ്രേരിപ്പിക്കുന്നു. സൂര്യനിൽ ദൃശ്യമാകുന്ന വ്യതിയാനങ്ങളും ഒരു ഭീഷണിയായി നിലകൊള്ളുന്നു. ഭൂമിയിലെ ജലാശയങ്ങളെ വറ്റിക്കും വിധം സൂര്യന്റെ ചൂട് വർദ്ധിക്കും എന്നും, സൂര്യൻ ഭൂമിയെ വിഴുങ്ങും എന്ന ഭീതിയിലാണ് ശാസ്ത്രലോകം. (സൂര്യന്റെ ഭാവവ്യത്യാസത്തെക്കുറിച്ച് ബൈബിൾ പറയുന്നത് കാണുക. മത്തായി:24:29, അപ്പോസ്തല പ്രവൃത്തികൾ :2:20, വെളിപ്പാട്:6:12). അതിൽ അന്യഗ്രഹവാസത്തെക്കുറിച്ചും, ബഹിരാകാശ വാസത്തെക്കുറിച്ചും നിരീക്ഷണ പരീക്ഷണങ്ങളിലാണ് ശാസ്ത്രം. നാസ ചന്ദ്രനിൽ ജലാംശം കണ്ടെത്തിയത് പ്രതീക്ഷ ഉണർത്തിയിരിക്കുകയാണ്. ഇതിൽനിന്നും പുറത്തുവരുന്ന വ്യക്തമായ ചിന്ത മനുഷ്യന് ഭൂമിയിലെ വാസം മടുത്തു എന്നും ഭീഷണിയോടെ അവൻ ഇവിടെ പാർക്കുന്നു എന്നുമാണ്.

മറ്റു ഗ്രഹങ്ങളിൽ പാർ ക്കാൻ മനുഷ്യന് ആകുമോ? ശാസ്ത്രം മറ്റു ഗ്രഹങ്ങൾ വാസയോഗ്യത്തിനായി തിരയുമ്പോഴും നിരവധി ഭീഷണികൾ അതിന്റെ പിന്നിൽ ഉണ്ടെന്നു അവരെ നിരാശപ്പെടുത്തുന്ന കാര്യമാണ്. റേഡിയേഷനും ഗുരുത്വാകർഷണവുമാണത്. ഭൂമിയെ ദൈവം സൃഷ്ടിച്ചത് മനുഷ്യന് വസിക്കാൻവേണ്ടിയാണ് (യെശയ്യാവ്:45:18). നമ്മുടെ ശരീരം ഈ ഭൂമിയിൽ വസിക്കാൻ രീതിയിലാണ് ദൈവം രൂപകല്പന ചെയ്തിരിക്കുന്നത്. മനുഷ്യന്റെ വിശപ്പിനും ദാഹത്തിനും ആവശ്യമായ ഭക്ഷണക്രമീകരണങ്ങൾ ഈ ഭൂമിയിൽമാത്രമേ ദൈവം കരുതിവെച്ചിട്ടുള്ളൂ. അതിനാൽ അന്യഗ്രഹവാസം അത്ര സുഖകരമോ, എളുപ്പമോ അല്ലന്നു ബൈബിൾ വെളിച്ചത്തിൽ ചിന്തിച്ചാൽ മനസ്സിലാക്കാം. സമുദ്രത്തിൽ ജീവിക്കാൻ പറ്റിയ രീതിയിൽ സൃഷ്ടിക്കപ്പെട്ട മത്സ്യങ്ങൾ കരയിൽചാടിക്കയറിയാൽ നിമിഷങ്ങൾക്കകം അവ മൃതിയുടെ ലോകം പൂകും എന്നത് സത്യമെങ്കിൽ മനുഷ്യാ നിനക്ക് താമസിക്കാൻവേണ്ടി നിർമ്മിച്ചത് ആണ് ഭൂമിയെന്നു മനസ്സിലാക്കാൻ വൈകരുത്.

ഭൂമിവാസയോഗ്യമല്ലാതായി തീർന്നതിന്റെ കാരണം ചില ഭൗതിക വസ്തുക്കളുടെ ദുരുപയോഗം മാത്രമല്ല എന്നു ബൈബിൾ വെളിച്ചത്തിൽ മനസ്സിലാക്കാം. നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടു എന്ന് ആദാമിനോട് പറഞ്ഞത് ഭൗതീക വസ്തുക്കളുടെ ദുരുപയോഗമോ ഒന്നും അല്ലായിരുന്നു. പാപം ആയിരുന്നു കാരണം. അതിനർത്ഥം പാപം മനുഷ്യന് ഭൂമിയിൽ വസിക്കാൻ പറ്റാത്ത വിധം വ്യാപിച്ചിരിക്കുന്നു.

ഭൂമികുലുക്കത്തിനും, ജീവജാലങ്ങളുടെ നാശത്തിനും കാരണം പാപം എന്നു ബൈബിൾ വ്യക്തമാക്കുന്നു (യെശയ്യാവ്:24:18–20, യിരമ്യാവ്:12:4, ഹോശയ്യ:4:3) ഈ പാപപ്രവർത്തികൾ മനുഷ്യനിൽ നിന്നും പുറത്തുവന്ന് അവനെ അശുദ്ധനാക്കുന്നു (മാർക്കോസ് 7:21,22). ഇങ്ങനെ അശുദ്ധനായ മനുഷ്യനാണ് ഭൂമിയിലെ ഏറ്റവും വലിയ മാലിന്യവസ്തു. ഈ മാലിന്യം പരിഹരിക്കപ്പെടാത്ത കാലത്തോളം ഭൂമിയിൽ വാസം വളരെ ബുദ്ധിമുട്ടായി തീരും.

ഒരു ഭക്തനെ സംബന്ധിച്ചിടത്തോളം ഇവിടുത്തെ ജീവിതം താല്കാലികമാണ്. ഈ ഭൂമി തീയ്ക്കായി സൂക്ഷിച്ചിരിക്കുന്നു എന്നും, ഇത് കത്തിനശിക്കും എന്നും, കൈപ്പണിയല്ലാത്ത ഒരു കെട്ടിടം ഉയരത്തിൽ ഉണ്ടെന്നും ഉള്ള ചിന്തയാൽ ഭക്തർ ഇവിടുത്തെ വാസത്തെ പ്രവാസകാലം എന്നും കരുതി ജീവിക്കുന്നു. ഒരർത്ഥത്തിൽ ചിന്തിച്ചാൽ ഈ ഭൂമി ഭക്തർക്ക് വാസയോഗ്യം അല്ല. ഒരു പുതുവാന ഭൂമി പ്രതീക്ഷയിൽ വിശുദ്ധർ ഇവിടെ ഞരങ്ങി പാർക്കുന്നു.




# യഥാർത്ഥ ആത്മസ്നാനം *തുടർച്ച......*




**മേരി ഷാജി**

പരിശുദ്ധാത്മാവിലുള്ള സ്നാനം തിരുവെഴുത്തുകളെ കൂടുതൽ സ്നേഹിക്കുവാനും, അവയെ കൂടുതൽ ധ്യാനിക്കുവാനും ഹൃദയ പലകമേൽ എഴുതുവാനും നമ്മെ സഹായിക്കും. സത്യത്തിന്റെ ആത്മാവ് നമ്മിൽ വസിക്കുന്നതിനാൽ വചനത്തിന്റെ ആഴമാർന്ന സത്യത്തിലേക്ക് നമ്മെ അത് നയിക്കും. തിരുവചനത്തിന്റെ സത്യ ത്തെ സ്നേഹിക്കുവാനും കഴിയും. ദൈവത്തിന്റെ വചനം വായിക്കുന്നതിലും ധ്യാനിക്കുന്നതിലും സത്യം ഗ്രഹിക്കുന്നതിൽനിന്നും സ്നേഹിക്കുന്നതിൽനിന്നും നാം വിട്ടു നിൽക്കുന്നുവെങ്കിൽ നമ്മിലുള്ള ആത്മാവ് നാം ശോധന ചെയ്ത് അറിയണം.


നമ്മുടെ കൂട്ടുസഹോദരങ്ങളായ എല്ലാ വിശ്വാസികളോടും ഇന്ന പേരുള്ള സഭയിൽ കൂടുന്നവർ എന്നു മാത്രമല്ല എല്ലാ സഹോദരങ്ങളായ വിശ്വാസികളോടും ഉള്ള സ്നേഹ വർദ്ധനയ്ക്ക് പരിശുദ്ധാത്മാവ് നമ്മെ പ്രേരിപ്പിക്കുകയും കാരണമാവുകയും ചെയ്യുന്നു. കാണുന്ന സഹോദരനെ സ്നേഹിക്കുവാൻ കഴിയുന്നില്ല എങ്കിൽ നമ്മിൽ വസിക്കുന്നത് ദൈവാത്മാവല്ല. മറ്റുള്ള സഹോദരങ്ങളിൽ കുറ്റം മാത്രം കാണുകയും അവരെക്കുറിച്ച് ഏഷണി പറഞ്ഞു പരത്തുകയും ചെയ്യുന്നത് ദൈവാത്മാവുള്ളവരല്ല. കൂട്ടുസഹോദരങ്ങളോടുള്ള സ്നേ ഹം നമ്മിൽ ഇല്ലായെങ്കിൽ നമ്മെത്തന്നെ ശോധന കഴിക്കുക. കാണുന്ന സഹോദരനെ സ്നേഹിക്കാത്തവന് എങ്ങനെ കാണുവാൻ കഴിയാത്ത ദൈവത്തെ സ്നേഹിക്കുവാൻ കഴിയും. കൂട്ടായ്മ ആചരിക്കുന്നത് നാം നമ്മുടെ ജീവിതത്തിൽ കുറച്ചുകൊണ്ടുവരുന്നുണ്ടോ? ആഴ്ചയിൽ 4 പ്രാവശ്യം സഭാകൂടിവരവിൽ പോയിരുന്ന വിശ്വാസി 1 പ്രാവശ്യം മാത്രമായി ചുരുക്കി ബാക്കി സമയം ലോകകാര്യങ്ങൾക്കായി ചെലവഴിക്കുന്നു എങ്കിൽ നിങ്ങളിലുള്ളത് ദൈവാത്മാവാണോ? ആ ആത്മാവിന് നിങ്ങളിൽ ആയിരുന്നുകൊണ്ട് സന്തോഷിക്കുവാൻ കഴിയുമോ? പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത് എന്ന് എഴുതിയിരിക്കുന്നു. ക്രിസ്തീയ കൂട്ടായ്മയും സംസർഗ്ഗവും ആത്മാവിൽനിന്നു മാത്രമേ സംഭവിക്കുന്നുള്ളു. (2 കൊരി. 13:14). ദൈവജനത്തോടുള്ള സ്നേഹം കുറയുകയും കൂട്ടായ്മയും ദൈവജനസംസർഗ്ഗവും കുറയുന്നുവെങ്കിൽ അത് പരിശുദ്ധത്മസ്നാനം നിമിത്തമല്ല. കുറയുന്നു എങ്കിൽ അണയുന്ന അടുപ്പിന്റെ അനുഭവം ആണോ എന്നു ചിന്തിക്കുക. പരിശുദ്ധാത്മാവിലുള്ള യഥാർത്ഥ സ്നാനത്തിനു മുമ്പ തന്നെ പാപത്തിൽനിന്നും പിന്തിരിഞ്ഞു സകല അശുദ്ധിയെയും വെറുക്കുന്ന അവസ്ഥ നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ സംജാതമാകും. ക്രിസ്തുവിനെ സ്നേഹിക്കുകയും, അനുസരിക്കുകയും, വിശ്വാസം ദൃഢമാക്കുന്ന അനുഭവം നമുക്കുണ്ടാകുകയും ചെയ്യും.

പരിശുദ്ധാത്മാവിനാൽ തുടർച്ചയായി വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ മാത്രമേ ആ അനുഭവം നിലനിൽക്കുകയുള്ളു. ദൈവത്തിന്റെ ആത്മാവിനാൽ നടത്തപ്പെടുക. ജഡത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുക എന്നീ അനുഭവങ്ങളെ നിരന്തരം ഉണ്ടാക്കിക്കൊണ്ടിരിക്കും. (റോമർ 8:13-14, ഗലാത്യർ 5:24-25). നേരേമറിച്ചു പാപത്തിൽനിന്നു പൂർണ്ണമായി മോചനം പ്രാപിച്ചിട്ടില്ലാത്തവനും ജഡപ്രകാരം നടക്കുന്നവരുമായവർ പ്രാപിച്ചിരിക്കുന്നു എന്നവകാശപ്പെടുന്ന ആത്മസ്നാനം പരിശുദ്ധാത്മാവിൽനിന്നുള്ളതാണെന്നു ഒരിക്കലും അംഗീകരിപ്പാൻ സാദ്ധ്യമല്ല. പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചവർക്കുള്ളതാണ് ആത്മസ്നാനം. ലോകത്തിൽ ജീവിക്കുമ്പോൾ ഒരുവനിൽ പാപം അറിയാതെ കടന്നുവന്നാലും ഉടൻതന്നെ പരിശുദ്ധാത്മാവ് അവനിൽ കുറ്റബോധം വരുത്തുകയും തെറ്റിനെ തിരുത്തുകയും ചെയ്യുന്നു. ജഡം ആ പാപം ആവർത്തിക്കാതിരിപ്പാൻ ആത്മാവിൽ ശക്തിയെ പുതുക്കുന്നു. ''എന്നാൽ ഇപ്പോൾ പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിനു ദാസന്മായിരിക്കയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനുമാകുന്നു". (റോമർ 6:2) വചനപ്രകാരം ക്രിസ്തീയ ജീവിതത്തെ ക്രമീകരിക്കുകയോ വചനത്തെ അനുസരിച്ചു വേറിട്ട വിശുദ്ധ വിശ്വാസ ജീവിതം നയിക്കാത്ത ലോകത്തെ സ്നേഹിക്കുന്ന ഏതൊരു വ്യക്തിയിലും കാണപ്പെടുന്ന പ്രവചനം, അന്യഭാഷ, വീര്യപ്രവർത്തികൾ, രോഗശാന്തി മുതലായവ പ്രവർത്തിക്കുന്ന അവരിലുള്ള ശക്തി, ഈ ലോകത്തിന്റെ ദൈവമായ സാത്താന്റെ വഞ്ചന തന്നെയാണ് എന്നു മനസ്സിലാക്കണം. അവർ യേശുവിനെ പ്രസംഗിക്കുന്നവരായി എന്നാൽ അവർ ലോകത്തെ സ്നേഹിക്കുന്നു, സേവിക്കുന്നു. മിസ്രയിമിന്റെ ധനനിക്ഷേപങ്ങളിൽ അവർ ഹൃദയം വെച്ചിരിക്കുന്നു. ധനം, മഹിമ, പേര്, പ്രശംസ, വസ്തുവകകൾ മുതലായവയും കർത്താവിന്റെ കൽപ്പനകൾ അനുസരിക്കാതെ ഉള്ള അവരുടെ ജീവിതവും ഇതിന് ദൃഷ്ടാന്തമാണ്. "ഇങ്ങനെയുള്ളവർ കള്ളയപ്പോസ്തോലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പോസ്തോലന്മാരുടെ വേഷം ധരിക്കുന്നവരത്രെ. ഇത് ആശ്ചര്യവുമല്ല. സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല. അവരുടെ അവസാനം അവരുടെ പ്രവർത്തികൾക്ക് തക്കതായിരിക്കും. (2 കൊരി. 11:13-15). ഇവരിലുള്ള ആത്മാവ് വേറൊന്നായിരിക്കും. (2 കൊരി. 11:4). സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കുക.

ആത്മാവിൽ നടത്തപ്പെടുന്നവർ നിരന്തരം തങ്ങളുടെ ജഡത്തെ ക്രൂശിച്ചുകൊണ്ടിരിക്കും. ജഡത്തിനു അവരിൽ തന്റെ മോഹത്തെ നിറവേറ്റുവാൻ കഴിയുകയില്ല. അത് ഏതെല്ലാം എന്ന് വചനം വ്യക്തമായി പറയുന്നു. "ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്നു വെളിവാകുന്നു. ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പേ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോട് മുൻകൂട്ടി പറയുന്നു". (ഗലാ. 5: 19-21). ഈ വചനത്തിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും പാപമോ, ഇതിൽ പറയാത്തതായ ഏതെങ്കിലും പാപമോ (ഉദാ. ദ്രവ്യാഗ്രഹം എന്ന വിഗ്രഹാരാധന), നിങ്ങൾ ആത്മസ്നാനം പ്രാപിച്ചിട്ടും ചെയ്യുന്നു എങ്കിൽ നിങ്ങൾ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ദൈവവചനം ഉറപ്പിച്ചു പറയുന്നു. അനവസരത്തിൽ വരുന്ന കോപം, ക്രോധം, ഈർഷ്യ ഇവ ആത്മസ്നാനം പ്രാപിച്ചു എന്നു പറയുന്നവരിൽനിന്നു പൊങ്ങിവരുവാൻ കാരണം ജഡാഭിലാഷത്തെ അവർ അടക്കി നിർത്താത്തതുകൊണ്ടാകാം. അവർ സന്തോഷ ത്തോടെ അല്ല പിന്നെയോ നൈരാശ്യത്തോടെ തന്നെ ജഡത്തിന്റെ മോഹങ്ങളെ അടക്കി നിർത്താൻ കഴിയാതെവരുമ്പോൾ സ്വമേധയാ അവരിൽനിന്നു പൊട്ടിപ്പുറപ്പെടുന്നു. കോപത്തിന്റെയും, ക്രോധത്തിന്റെയും, ഈർഷ്യയുടെയും ആത്മാവല്ല പരിശുദ്ധാത്മാവ്, പിന്നെയോ സൗമ്യതയുടേതാണ്. ആത്മസ്നാനം പ്രാപിച്ച വ്യക്തിക്ക് സൗമ്യതയോടെ കാര്യങ്ങളെ നേരിടുവാൻ തക്കവണ്ണം ദൈവസമാധാനത്താൽ അവൻ നിറഞ്ഞിരിക്കും. ദൈവം നമുക്കു തരുന്ന സകലത്തിലും നമ്മൾ തൃപ്തരായിരുന്നാൽ, അവ സന്തോഷത്തോടെ സ്വീകരിക്കുമ്പോൾ, കോപം, ക്രോധം, ഈർഷ്യ, പിണക്കം, അസൂയ എന്നീ ജഡത്തിന്റെ മോഹങ്ങൾ നിമിത്തം ഉണ്ടാകുന്ന പാപം വരികയില്ല. ആത്മസ്നാനം പ്രാപിച്ചവൻ ആത്മാവിന്റെ ഫലങ്ങൾ നിറഞ്ഞവനായിരിക്കും. ''ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത്, ഇന്ദ്രിയജയം ഇവയത്രെ (ഗലാ. 5:22-23).

*തുടരും........*

# മനുഷ്യനെ കുത്തിയാൽ ഇനി കൊതുക് ചാകും, പുതിയ മരുന്നുമായി ഗവേഷകർ



ലണ്ടൻ: മനുഷ്യനും കൊതുകും തമ്മിലുള്ള യുദ്ധം തുടങ്ങിയിട്ട് പുരാതന കാലത്തോളം പഴക്കമുണ്ട്. കൊതുകിനെ കൊല്ലാനായി എത്ര തരത്തിലുള്ള മരുന്നുകളാണ് ഇതുവരെ മനുഷ്യൻ പ്രയോഗിച്ചിട്ടുള്ളത്. പിന്നെയും കൊതുകുകൾ വർദ്ധിക്കുകയല്ലാതെ കുറയുന്നില്ല എന്നതാണ് വസ്തുത. കൊതുകിന്റെ കടിയേറ്റ് മനുഷ്യർ രോഗികളായിക്കൊണ്ടിരിക്കുന്നു. ഈ അവസ്ഥയ്ക്ക് ഒരു പരിഹാരമായെന്ന് പുതിയ ഒരു മരുന്നു കണ്ടുപിടിച്ച ഗവേഷകർ അഭിപ്രായപ്പെടുന്നു. മനുഷ്യനെ കുത്തിയാൽ കൊതുക് ചത്തുപോകും. ഇത്തരത്തിലുള്ള ഒരു മരുന്നാണ് ഗവേഷകർ വികസിപ്പിച്ചെടുത്തിരിക്കുന്നത്. രക്തത്തിൽ ഐവർമെക്ടിൻ എന്ന രാസവസ്തുവിന്റെ സാന്നിദ്ധ്യമാണ്

*ശേഷം പേജ് 2 ൽ* ▶

# ചിന്താവിഷയം

## പ്രസിദ്ധമാകുന്ന വലിയ വിശ്വാസം

(വായനാഭാഗം. 1തെസ്സലോനി.1)

കർത്താവിന്റെ വേലയിൽ പിന്തുണക്കുന്നവരെ ഒരു പക്ഷേ പുറം ലോകം അറിഞ്ഞെന്നു വരില്ല. കർത്തൃവേലയിൽ പരസ്യമായി ശുശ്രൂഷ ചെയ്യുന്നവരെയാണ് ഇന്ന് ഭൂരിപക്ഷവും അറിയുന്നത്. ഒരിക്കൽ കൊട്ടാരക്കരയിലുള്ള ഒരു ചെറിയ സഭയിൽ ഞാൻ പോയപ്പോൾ അവിടുത്തെ പ്രായമായ ഒരു മാതാവിനെ എനിക്ക് കാണുവാനിടയായി. സഭയിൽ വലിയ ത്രസിപ്പിക്കുന്ന സാക്ഷ്യങ്ങളോ സഭയുടെ ഭൗതീക കാര്യങ്ങളിൽ പരസ്യമായി രംഗത്തുവരികയോ ചെയ്യാത്ത ഒരു മാതാവ്. അവരുടെ മൂന്ന് മക്കളും നാട്ടിൽ ജോലി ചെയ്ത് ജീവിക്കുന്നു. ഈ മാതാവിനെക്കുറിച്ച് ഞാനറിഞ്ഞത്; ഇവർ ഭവനത്തിൽ വലിയ വരുമാനമെന്നുമില്ലെങ്കിലും അവരുടെ ചെറിയ വരുമാനത്തിൽ നിന്ന് വേലയെ സഹായിക്കുന്നു, ഒരു സുവിശേഷകന്റെ ചെലവുകൾ ഏറ്റെടുത്ത് മാസം തോറും നല്ലൊരു തുക നൽകുന്നു. ഇത് സഭയിൽ മാത്രമേ അറിയുന്നുള്ളൂ. ഈ സംഭവം ഞാൻ മറ്റുള്ളവരോടു പറഞ്ഞപ്പോൾ അവർക്കൊക്കെ അത്ഭുതമുണ്ടായി കാരണം ഈ സംഭവം കേട്ടത് വലിയ ധനവാന്മാരാണ്. അവർക്ക് ഇങ്ങനെ സാധിക്കുന്നില്ല എന്നതിൽ കുറ്റബോധമുണ്ട്. ദൈവമക്കളായ നമ്മൾ നമ്മുടെ ദൈവത്തെ സേവിക്കുന്നത് നമ്മുടെ ഏറിയ സമ്പത്തുകൊണ്ട് ആകണമെന്നില്ല. നമ്മുടെ പ്രാപ്തിക്കൊത്തവണ്ണം സഹായിക്കാം.

> “എല്ലായിടവും നിങ്ങൾക്ക് ദൈവത്താലുള്ള വിശ്വാസം പ്രസിദ്ധമായിരിക്കുന്നു” (1തെസ്സ.1:8).

*എല്ലായിടവും നിങ്ങൾക്ക് ദൈവത്തിലുള്ള വിശ്വാസം പ്രസിദ്ധമായിരിക്കുന്നു.*

**വലിയ സാക്ഷ്യം ചെറിയ കാര്യങ്ങൾ ചെയ്തിട്ടാകരുത്.**



# ആരോഗ്യം

നിങ്ങളറിയാൻ



## ഒരാൾ ദിവസം എത്രഗ്ലാസ്സ് വെള്ളം കുടിക്കണം?



ഇപ്പോൾ വേനൽക്കാലമാണ്. അമിതമായ ചൂട് ശരീരത്തെ തളർത്തുന്നു. ശരീരം വിയർത്തുകുളിച്ച് ലവണങ്ങളെ പുറംന്തള്ളുന്നു. നിർജ്ജലീകരണം ഉണ്ടായി ആളുകൾ തളർന്നു വീഴുവാൻ സാദ്ധ്യതയുണ്ട്. അതിനെ പ്രതിരോധിക്കാൻ ഏക മാർഗ്ഗം ധാരാളം വെള്ളം കുടിക്കുക മാത്രമാണ്. മറ്റു സീസണുകളെ അപേക്ഷിച്ച് ചൂടുകാലത്ത് കൂടുതൽ വെള്ളം കുടിക്കുവാൻ ശ്രദ്ധിക്കണം. നല്ല ആരോഗ്യം നിലനിർത്തുവാൻ ദിവസവും 8 മുതൽ 10 ഗ്ലാസ് വെള്ളം വരെയെങ്കിലും കുടിക്കണമെന്നാണ് ആരോഗ്യ വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത്.

മനുഷ്യ ശരീരത്തിൽ 70 ശതമാനവും വെള്ളമാണ്. ശരീരത്തിൽനിന്നു വിയർപ്പായും മൂത്രമായും വെള്ളം നഷ്ടപ്പെടുന്നു. ഇത് പൂർവ്വ സ്ഥിതിയിലാക്കാൻ ധാരാളം വെള്ളം കുടിക്കേണ്ടത് അത്യാവശ്യമാണ്. കൂടുതൽ വെള്ളം കുടിക്കുന്നത് ശരീര ഭാരം വർദ്ധിക്കുന്നത് തടയുകയും ചെയ്യും. ശരീരത്തിൽ ജലാംശം കുറഞ്ഞാൽ പല വിധമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാകുന്നു. വായ വരണ്ടു പോകുന്നു, തലവേദന, ത്വക്ക് വരളുക, മയക്കം, തലചുറ്റൽ, ഉത്സാഹക്കുറവ്, ശ്രദ്ധയില്ലായ്മ തുടങ്ങിയ പ്രശ്നങ്ങൾക്ക് സാദ്ധ്യതയേറുന്നു. എന്നാൽ ചിലയാളുകളുടെ ശരീര പ്രകൃതിയ്ക്കനുസരിച്ച് വെള്ളത്തിന്റെ അളവ് വ്യത്യാസപ്പെട്ടിരിക്കും. ചിലർക്ക് ധാരാളം വെള്ളം ആവശ്യമായിരിക്കും. മറ്റു ചിലർക്ക് വെള്ളം കൂടുതൽ കുടിച്ചാൽ ഇടയ്ക്കിടെ മൂത്രമൊഴിക്കേണ്ടി വരികയും ഇത് ബുദ്ധിമുട്ടിനിടയാക്കുകയും ചെയ്യും. അതിനാൽ ദാഹിക്കുമ്പോൾ നിർബന്ധമായും വെള്ളം കുടിക്കണം. ദാഹമില്ലാത്തപ്പോൾ വെള്ളം കുടിക്കണമെന്നില്ല എന്നാണ് വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത്. എന്നാൽ ഉഷ്ണകാലത്ത് ശരീരത്തിൽനിന്നും ധാരാളം വെള്ളം നഷ്ടമാകുന്നതിനാൽ ആ നഷ്ടം നികത്താനാവശ്യമായ വെള്ളം കുടിക്കേണ്ടതാണ്.

മുതിർന്ന വ്യക്തി ഒരു ദിവസം ശരാശരി 3 ലിറ്റർ വെള്ളം കുടിക്കണം. സ്ത്രീകൾക്ക് രണ്ടര മുതൽ മൂന്നു ലിറ്റർ വരെ കുടിക്കാം. എന്നാൽ പുരുഷന്മാർക്ക് 3 ലിറ്റർ വെള്ളം ആവശ്യമാണ്. പുരുഷന്മാരുടെ പേശീ രൂപീകരണം മൂലം കൂടുതൽ വെള്ളം ആവശ്യമായി വരുന്നു. ഭക്ഷണം കഴിക്കുന്നതിനു അര മണിക്കൂർ മുമ്പെങ്കിലും വെള്ളം കുടിച്ചാൽ നിങ്ങൾ കഴിക്കുന്ന ആഹാരത്തിന്റെ കാലറി കുറയ്ക്കാൻ സാധിക്കും. ഇത് ശരീര ഭാരം വർദ്ധിപ്പിക്കുന്നതിൽനിന്നു തടയുന്നു. മുട്ട, മീൻ, പഴങ്ങൾ, വെള്ളരി പോലുള്ള സാധനങ്ങൾ, ജലാംശം കൂടുതലുള്ള ഭക്ഷണ പദാർത്ഥങ്ങളാണ്. ഇവ കഴിക്കുന്നതുമൂലം വെള്ളത്തിന്റെ സാന്നിദ്ധ്യം വർദ്ധിക്കുന്നു.

7-ാം പേജിൽ നിന്നു തുടർച്ച..... ബൈബിളിലേക്കു മടങ്ങാം....

ഉണ്ടാകും, അന്യജാതിക്കാരുമായുള്ള വിവാഹം ദൈവം വെറുക്കുന്നു എന്നീ കാര്യങ്ങൾ അറിയില്ല.

പണ്ടൊരിക്കൽ ഒരു മനുഷ്യൻ മരിക്കുമ്പോൾ എന്നെ വിവരം അറിയിച്ചു. ആശുപത്രിയിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ സഭയിലെ പട്ടക്കാരൻ അന്ത്യ കൂദാശ കൊടുക്കുകയായാരുന്നു. മാനസാന്തരപ്പെട്ടതാണെന്ന് അന്നു രാവിലെ എന്നോടു സാക്ഷ്യം പറഞ്ഞ അദ്ദേഹം മരിച്ചു. വിവരം അറിഞ്ഞ അദ്ദേഹത്തിന്റെ ഏക മകൻ പൊട്ടിക്കരഞ്ഞു.

ആ ചെറുപ്പക്കാരനെ വിളിച്ചു പുറത്തുകൊണ്ടുവന്നിരുന്നു ഞാൻ പറഞ്ഞു, 'മോനെ അമ്മയേയും സഹോദരിമാരെയും ആശ്വസിപ്പിക്കുവാനുള്ള കൃപ ലഭിക്കുവാൻ നീ പ്രാർത്ഥിക്കുക' 20 കഴിഞ്ഞ ആ യുവാവ് എന്റെ മുഖത്തേക്കു നോക്കി ദയനീയതയോടെ പറഞ്ഞു 'ബ്രദറേ എനിക്കു പ്രാർത്ഥിക്കാനറിഞ്ഞുകൂടാ'. ഇതൊരു നഗ്ന സത്യമാണ്. ക്രിസ്ത്യാനിയെന്നു പറയുന്ന വലിയൊരുകൂട്ടം ജനത്തിനും പ്രാർത്ഥിക്കാനറിഞ്ഞുകൂടാ. വലിയ കൂട്ടം ജനത്തിനും വേദപുസ്തകത്തെപ്പറ്റി അറിയത്തില്ല. ചുരുക്കം ചില പുസ്തകങ്ങളൊഴികെ ബാക്കി എവിടെയാണെന്നറിയത്തില്ല. എന്തൊരു ദയനീയമായ പാപ്പരത്തം.

നാം വേദപുസ്കത്തിലേക്കു പോകേണ്ടിയിരിക്കുന്നു. പെന്തക്കോസ്തുകാരും ബ്രദറുകാരും വേദപുസ്തകവുമായി നടക്കുന്നതു അഭിമാനമായി കരുതിയിരുന്നു. ഓരോരുത്തർക്കും വേദപുസ്തകമുണ്ടായിരുന്നു.

വേദപുസ്തകവുമായി മാത്രം ആരാധനയ്ക്കു പോയിരുന്നു. എന്നാൽ അതിനു മുടക്കം സംഭവിച്ചിരിക്കുകയാണ്. ആകയാൽ നമുക്കു ദൈവത്തിന്റെ വചനമായ ബൈബിളിലേക്കു മടങ്ങാം.

## ശുഭദിന സന്ദേശം ലഭ്യമാക്കുവിൻ

**ആത്മീക ചൈതന്യം പകരുന്ന ക്രിസ്തീയ ശുഭദിന സന്ദേശം ശ്രവിപ്പിൻ. എല്ലാ ദിവസവും രാവിലെ 3-4 മിനിറ്റ് ദൈർഘ്യമുള്ള ആത്മീക ഓഡിയോ സന്ദേശം ലഭിക്കുവാനായി ഇപ്പോൾത്തന്നെ ഞങ്ങളുടെ 00919895464665 എന്ന വാട്സ്ആപ് നമ്പരിലേക്ക് നിങ്ങളുടെ വാട്സ് ആപ് നമ്പറിൽനിന്നും മെസ്സേജ് അയച്ച് ആവശ്യപ്പെടുവിൻ. തീർച്ചയായും ദൈവം നിങ്ങളുടെ ജീവിതത്തിനു ആത്മ സന്തോഷവും രൂപാന്തിരവും വരുത്തുവാനിടയാകും.**



കൂടുതൽ ആരോഗ്യവാർത്തകൾ അറിയുവാൻ സന്ദർശിക്കുക
www.disciplesnews.com

## പ്രതിവാര ചിന്തകൾ...

പി.ജി. വർഗീസ്

# ബൈബിളിലേക്കു മടങ്ങാം

"യഹോവയുടെ ന്യപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായ പ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ". സങ്കീർ. 1:2.

ജനിച്ചത് ഓർത്തഡോക്സ് കുടുംബത്തിലായിരുന്നു. അന്ന് ഞങ്ങളുടെ നാട്ടിൽ മിക്ക വീടുകളിലും ഒരു വേദപുസ്തകം മാത്രമേ ഉണ്ടായിരുന്നുള്ളു. ഞങ്ങളുടെ വീട്ടിൽ വായിക്കാനറിയാവുന്ന മക്കൾക്കെല്ലാവർക്കും വേദപുസ്തകം വാങ്ങിക്കൊടുത്തു. ദിവസവും രാവിലെയും വൈകിട്ടും എല്ലാവരും വേദപുസ്തകം വായിച്ച് പ്രാർത്ഥിക്കുമായിരുന്നു.

വേദപുസ്തകത്തിന്റെ ഉപദേശങ്ങളൊന്നും പപ്പായ്ക്ക് അറിയുമായിരുന്നില്ലെങ്കിലും വേദപുസ്തകത്തിലെ കഥകളെല്ലാം ഉൽപ്പത്തി മുതൽ അപ്പോസ്തോലപ്രവർത്തി വരെയുള്ളത് ഞങ്ങളെ പഠിപ്പിച്ചു. പുതിയ നിയമത്തിലെ ലേഖനങ്ങൾ വായിച്ചു തിരഞ്ഞെടുത്ത വാക്യങ്ങൾ കാണാതെ പഠിച്ചു.

കേളേജിലെത്തിയ ഞാൻ പിഴയായപ്പോൾ പപ്പയും അമ്മച്ചിയും ദൈവത്തോടു കുറേക്കൂടി അടുത്തു. മർത്തോമ്മയിലെയും പെന്തക്കോസ്തിലെയും ഉപദേശിമാർ വീട്ടിൽ വരാൻ തുടങ്ങി. അങ്ങനെ കുറെക്കൂടി വേദപുസ്തക ഉപദേശങ്ങൾ പഠിക്കുവാൻ തുടങ്ങി. ഇന്ന് ക്രിസ്തീയ ഭവനങ്ങളിൽ കുടുംബ പ്രാർത്ഥനയുണ്ടോ? അപ്പച്ചനും അമ്മച്ചിക്കും വേദപുസ്തകമുണ്ടോ? വേദപുസ്തകം ക്രമമായി വായിക്കാറുണ്ടോ? വേദപുസ്തകത്തിന്റെ ഉപദേശം ചർച്ച ചെയ്തു പഠിക്കാറുണ്ടോ? വേദപുസ്തക ഉപദേശങ്ങൾ പഠിക്കുവാൻ ഉതകുന്ന പുസ്തകങ്ങൾ വായിക്കാറുണ്ടോ?

തിരക്കു പിടിച്ച ജീവിതം ദൈവത്തെയും ദൈവിക കാര്യങ്ങളെയും അപഹരിക്കുകയാണെന്നു പറയുന്നത് ശരിയല്ലേ? രാത്രി 8 മണിക്കോ അതിനു ശേഷമോ വന്നു കയറുന്ന മകനോ, മകളോ, ഭർത്താവോ ശാരീരികമായി തളർന്നിരിക്കും. അതിനാൽ കുടുംബ പ്രാർത്ഥന മുടങ്ങുന്നു, ചുരുങ്ങുന്നു. ആഴ്ചയിലൊരിക്കൽ വീട്ടുപ്രാർത്ഥന ഉണ്ടെങ്കിലും വിദ്യാർത്ഥികളോ, ജോലിക്കാരോ പോകുന്നില്ല. പണ്ട് രണ്ടു പ്രസംഗങ്ങൾ നീട്ടി സഭാരാധനയിലുണ്ടായിരുന്നെങ്കിൽ ഇന്ന് ഒന്നായി. അതും 40 മിനിറ്റിനുള്ളിൽ ഒതുങ്ങി. വേദപുസ്തക പരിജ്ഞാനം ഇന്നത്തെ തലമുറയിൽനിന്നും വിട്ടുപോകുന്നു.

ക്രിസ്തീയ പെൺകുട്ടി ഹിന്ദു യുവാവുമായി വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്നു. വീട്ടുകാർ സമ്മതിക്കുവാൻ പ്രാർത്ഥിക്കണം. വീട്ടുകാർക്ക് പറയുവാനുള്ളത് ഇതു നമ്മുടെ കുടുംബത്തിനു ചേർന്നതല്ല, ഞങ്ങൾ സമ്മതിക്കത്തില്ല എന്നത്രെ. മാനസാന്തരപ്പെട്ടതാണെന്നു പറയുന്ന പെൺകുട്ടിക്കു ഹൈന്ദവ ക്ഷേത്രങ്ങളിൽ പോകരുത്, അന്യ ദേവന്മാരെ വണങ്ങരുത്, ബിംബങ്ങൾ ഉള്ള വീടുകളിൽ ദൈവശാപം

ശേഷം പേജ് 6 ൽ ▶

## വൈവാഹിക പംക്തി

Disciples Good News, P.B. No: 35, Chengannur P.O., Alappuzha Dist, Kerala State . Pin - 689121.

സിറിയൻ പെന്തക്കോസ്തു യുവതി, (യാക്കോബായ പശ്ചാത്തലം) സ്വതന്ത്ര സഭ, 32 വയസ്, 152 സെ.മീ. ഉയരം, സൗദിയിൽ മിലിട്ടറി നേഴ്സ്, ഒരു മാസത്തെ ലീവിനു നാട്ടിലെത്തിയിരിക്കുന്നു. വിദേശത്തോ, സ്വദേശത്തോ ജോലിയുള്ളവരുടെ രക്ഷിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. 99476 48091, 95449 76880.

ചേരമർ സാംബവ പെന്തക്കോസ്തു യുവതി, 28 വയസ്, 163 സെ.മീ. ഉയരം, ദന്തൽ ടെക്നീഷ്യൻ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. 97475 34835, 90747 73657.

സിറിയൻ പെന്തക്കോസ്തു യുവതി, 29 വയസ്, 157 സെ.മീ. ഉയരം, എൽഎൽബി, എംഎസ്ഡബ്ല്യു, ഉയർന്ന ഡിഗ്രി, ജോലിയുള്ളവർക്ക് മുൻഗണന. 98467 18296.

പെന്തക്കോസ്തു യുവതി, 23 വയസ്, എം.കോം പഠിക്കുന്നു, വെളുത്ത നിറം, സാമ്പത്തികം ഉണ്ട്, ജോലി കാര്യമാക്കുന്നില്ല. വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. 92078 32927.

പെന്തക്കോസ്തു യുവതി, 24 വയസ്, എംബിഎ, എയർപോർട്ടിൽ ഉദ്യോഗസ്ഥ, ജോലി കാര്യമാക്കുന്നില്ല. വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. 98467 88495.

സാംബവ പെന്തക്കോസ്തു യുവതി, 33 വയസ്, 156 സെ.മീ. ഉയരം, ബി.എസ്.സി. നേഴ്സ്, ബ്യൂറോയല്ല. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. 99478 10064.

സിറിയൻ പെന്തക്കോസ്തു യുവാവ്, 35 വയസ്, 172 സെ.മീ. ഉയരം, വെളുത്ത സുന്ദരൻ, സൗദിയിൽ ജോലി. ജോലിയുള്ള ബി.എസ്.സി. നേഴ്സുമാരുടെ രക്ഷിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. 85479 87062, 90745 20161.

പെന്തക്കോസ്തു യുവാവ്, 28 വയസ്, പിഎച്ച്ഡി, അമേരിക്കയിൽ, ഫാമിലി വിസ, നേഴ്സുമാരും പഠിക്കുന്നവരുമാകാം. 89430 25808.

പെന്തക്കോസ്തു യുവാവ്, 28 വയസ്, ബിടെക്, കാനഡയിൽ എഞ്ചിനിയർ, ഫാമിലി വിസയുണ്ട്, ജോലിയില്ലാത്തവരുമാകാം. 97448 74395.

### വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഡിസൈപ്പിൾസ് ഗുഡ്ന്യൂസിലേക്കുള്ള വാർത്തകൾ, ലേഖനങ്ങൾ, മറ്റു പംക്തികൾ, കത്തിടപാടുകൾ, മണിഓർഡറുകൾ, ചെക്ക്, ഡ്രാഫ്റ്റ് മുതലായവ ഇനിമുതൽ താഴെക്കാണുന്ന വിലാസത്തിൽ അയയ്ക്കുക

Disciples Good News, P.B. No: 35, Chengannur P.O., Alappuzha Dist, Kerala State - 689121. Ph: 0479 2452420
news@disciplesministry.com,
Our Bank Details: Disciples Good News, Federal Bank, Chengannur
A/c No: 10240200010650 IFSC Code FDRL 0001024

### ഡിസൈപ്പിൾസ് ഗുഡ്ന്യൂസ് വിവാഹ പരസ്യങ്ങൾക്ക്

₹ 500 മാത്രം (25 വാക്കുകൾ വരെ) വ്യാഴാഴ്ച തോറും പ്രസിദ്ധീകരിക്കുന്നു. പരസ്യം വ്യാഴാഴ്ചയ്ക്കകം ഓഫീസിൽ എത്തിക്കുക.

Disciples Good News, P.B. No: 35, Chengannur P.O., Alappuzha Dist, Kerala State . Pin - 689121.

ഡിസൈപ്പിൾസ് ഗുഡ്ന്യൂസ് വീക്കലി പത്രം കളറിലുള്ളത് എല്ലാ ആഴ്കളിലും എളുപ്പത്തിൽ ഇന്റർനെറ്റ് വഴി വായിക്കുവാൻ ഈ കാണുന്ന QR Code സ്മാർട്ട് ഫോണിൽനിന്നോ, ബാർകോഡ് റീഡറിൽനിന്നോ സ്കാൻ ചെയ്തു വായിക്കാവുന്നതാണ്. കൂടാതെ ഓൺലൈൻ പത്രമായ www.disciples news.comഎന്ന വെബ്സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്തു വായിക്കാവുന്നതാണ്.

## ബൈബിൾ ക്വിസ്

### ബൈബിൾക്വിസ് നമ്പർ -275, ചോദ്യങ്ങൾ

1. പുത്ര സമ്പത്തുകൊണ്ട് അനുഗ്രഹിക്കപ്പെട്ടവൻ ആര്?
2. അമ്പതുപേർ വീതം മൂന്നു ദിവസം അന്വേഷിച്ചിട്ടും കണ്ടെത്താൻ കഴിയാതിരുന്ന വ്യക്തി ആര്?
3. സർവ്വ ഭൂമിയുടെയും ചുറ്റിക എന്നു വിശേഷിപ്പിച്ചിരിക്കുന്ന രാജ്യം ഏത്?
4. വെളിച്ചത്തെ പകയ്ക്കുന്നവൻ ആര്?
5. ഗായോസിന്റെ സഭയിൽ നല്ല സാക്ഷ്യം ലഭിച്ച ഒരു സഹോദരൻ?

### ബൈബിൾക്വിസ് നമ്പർ -274 ഉത്തരങ്ങൾ

1. നോഹ (ഉൽപ്പത്തി 10:20)
2. 13 (യോശു.6:7, 6:3,4)
3. ദാവീദ് (1 ദിന.29:1)
4. മഹത്വവും, മാനവും, സമാധാനവും (റോമ. 2:10)
5. പിന്മാറ്റക്കാർ (എബ്രായർ 6:5)

Disciples Good News
P.B. No: 35, Chengannur P.O.,
Alappuzha Dist, Kerala State
Pin - 689121.

# DISCIPLES GOOD NEWS
WEEKLY

Annual Subscription. ₹.200/-
email:news@disciplesministry.com
Ph: 0479 2452420.
Licence to post without prepayment

## പാക്കിസ്ഥാനിൽ 4 ക്രൈസ്തവർ തീവ്രവാദികളുടെ വെടിയേറ്റു മരിച്ചു

**ബ**ലൂചിസ്ഥാൻ: പാക്കിസ്ഥാനിൽ ഈസ്റ്റർ ദിനത്തിന്റെ പിറ്റേന്ന് ഓട്ടോയിൽ സഞ്ചരിച്ചിരുന്ന 4 ക്രൈസ്തവർ തീവ്രവാദികളുടെ വെടിയേറ്റു മരിച്ചു. ഏപ്രിൽ 2-ന് തിങ്കളാഴ്ച ബലൂചിസ്ഥാനിലെ ക്വോട്ടാ നഗരത്തിലാണ് സംഭവം നടന്നത്. ഓട്ടോറിക്ഷാ ഡ്രൈവർ പെർവെയ്സ് മസി, ഇദ്ദേഹത്തിന്റെ ഭാര്യാ സഹോദരങ്ങൾ ഇമ്രാൻ മസി, തരീഖ് മസി മറ്റൊരു സഹോദരൻ ഇമ്മാനുവേലിന്റെ ഭാര്യ ഫിർദൻ എന്നിവരാണ് കൊല്ലപ്പെട്ടത്.



പഞ്ചാബ് പ്രവിശ്യയിലെ ഷെയ്ക്പുര ജില്ലക്കാരായ ഇവർ ക്വോട്ടയിലെ പെർവെയ്സിന്റെ വീട്ടിൽ എത്തിയതായിരുന്നു. പെർവെയ്സായിരുന്നു ഓട്ടോറിക്ഷ ഓടിച്ചിരുന്നത്. പെർവെയ്സിന്റെ 12 വയസുള്ള മകൾ സിദ്രയ്ക്ക് ഗുരുതര പരിക്കേറ്റിട്ടുണ്ട്. കുട്ടി ക്വോട്ടയിലെ. സിവിൽ ആശുപത്രിയിൽ തീവ്ര പരിചരണത്തിലാണ്. ദരിദ്രരായിരുന്ന ഇവർ ആർക്കും ഒരു ദോഷവും ചെയ്യാത്തവരായിരുന്നു. മോട്ടോർ സൈക്കിളിൽ എത്തിയ അക്രമികളാണ് വെടിവെച്ചത്. മൃതദേഹത്തിൽനിന്നും വെടിയുണ്ടകൾ കണ്ടെടുത്തു. സംഭവത്തിന്റെ ഉത്തരവാദിത്വം ഐഎസ് തീവ്രവാദികൾ ഏറ്റെടുത്തിട്ടുണ്ട്. വെടിവെയ്ക്കുന്ന സമയത്ത് തീവ്രവാദികൾ അള്ളാഹുവിനെ ഉച്ചത്തിൽ സ്തുതിക്കുന്ന ശബ്ദവും കേട്ടിരുന്നതായി ദൃക്സാക്ഷികൾ പറഞ്ഞു. സംഭവത്തിൽ ക്വോട്ട ഉന്നത പോലീസ് സംഘം സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു.

## 'പൗലോസ്, ക്രിസ്തുവിന്റെ അപ്പോസ്തോലൻ' സിനിമ റിലീസ് ചെയ്തു


**കാ**ലിഫോർണിയ: അപ്പോസ്തോലനായ പൗലോസിന്റെ ജീവിത ചരിത്രം വെള്ളിത്തിരയിലൂടെ ലോകത്തെ ജനഹൃദയങ്ങളിലേക്കെത്തിക്കാനായി നിർമ്മിച്ച 'പൗലോസ്, ക്രിസ്തുവിന്റെ അപ്പോസ്തോലൻ' എന്ന ഡ്രാമ സിനിമ റിലീസ് ചെയ്തു. മാർച്ച് 23-ന് അമേരിക്കയിലെ തീയറ്ററുകളിൽ പ്രദർശനം തുടങ്ങി. ഈ സിനിമയിൽ പ്രധാനമായും രണ്ടു കഥാപാത്രങ്ങളാണുള്ളത്. പൗലോസും പൗലോസിന്റെ സ്നേഹിതനും അപ്പോസ്തോല പ്രവർത്തികളുടെ പുസ്തകം രചിച്ച വൈദ്യനായ ലൂക്കോസും. ലൂക്കോസ് പൗലോസിനെ സന്ദർശിച്ച സംഭവവും, പൗലോസിന്റെ മാനസാന്തരവും, മിഷണറി പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപവും, നീറോ ചക്രവർത്തിയുടെ കാലത്തെ ഇരുണ്ട തടവറയിൽ അനുഭവിച്ച യാതനകളും, പൗലോസിന്റെ മരണവും ഒക്കെ വളരെ ഹൃദയ സ്പർശമായി കോർത്തിണക്കി നിർമ്മിച്ച സിനിമയാണ് 'പൗലോസ്, ക്രിസ്തുവിന്റെ അപ്പോസ്തോലൻ' എന്ന ബിബ്ലിക്കൽ ഡ്രാമ സിനിമ.

പൗലോസ് സുവിശേഷത്തിനു ചെയ്ത സംഭാവനയും ലൂക്കോസിനെക്കുറിച്ചുള്ള ചരിത്രപരമായ കൂടുതൽ വിവരങ്ങളും സിനിമയിൽ ദൃശ്യമാണ്. സിനിമയുടെ രചനയും സംവിധാനവും നിർവ്വഹിച്ചിരിക്കുന്നത് ആൻഡ്രു ഹിയാട്ടാണ്. ജെയിംസ് ഫോൾക്കനറാണ് പൗലോസിന്റെ വേഷം അഭിനയിക്കുന്നത്. ജിം കാവിസലാണ് ലൂക്കോസിന്റെ വേഷം വേഷം ഇടുന്നത്. ജിം 2004-ൽ പുറത്തിറങ്ങിയ 'ദി പാഷൻ ഓഫ് ദി ക്രൈസ്റ്റ്' എന്ന വിശ്വ വിഖ്യാതമായ സിനിമയിൽ യേശുവിന്റെ വേഷം അഭിനയിച്ചിട്ടുണ്ട്. കൂടാതെ ബൈബിളിലെ പ്രിസ്ക്കില്ലയുടെ വേഷം അഭിനയിക്കുന്നത് ജുവാണി വാലി എന്ന പ്രമുഖ നടിയാണ്. കൂടാതെ ഒളിവർ മാർട്ടിനസും പ്രധാന വേഷങ്ങൾ കൈകാര്യം ചെയ്യുന്നു. ഡേവിഡ് സെലോൺ, റ്റി.ജെ. ബർഡൻ എന്നിവരാണ് നിർമ്മാതാക്കൾ. എഫേം ഫിലിംസിനുവേണ്ടിയാണ് നിർമ്മിച്ചിരിക്കുന്നത്. സോണി പിക്ച്ചേഴ്സാണ് വിതരണക്കാർ. ഇംഗ്ലീഷ് ഭാഷയിലാണ് സിനിമ നിർമ്മിച്ചിരിക്കുന്നത്. 106 മിനിറ്റ് ദൈർഘ്യമുള്ള ഈ ബോക്സ് ഓഫീസ് ചിത്രത്തിന്റെ നിർമ്മാണ ചെലവ് 5 മില്യൺ ഡോളറാണ്. ഇപ്പോൾ അമേരിക്കയിൽ മാത്രം ചിത്രം പ്രദർശിപ്പിക്കുന്നുവെങ്കിലും ലോകത്ത് മറ്റു രാജ്യങ്ങളിലും പ്രദർശിക്കപ്പെടുമെന്നാണ് കരുതപ്പെടുന്നത്.


*ജെയിംസ് ഫോൾക്കനർ, ജിം കാവിസൽ*

## ക്യൂബൻ മണ്ണിലേക്കു എൻ.ഐ.വി. ബൈബിൾ വീണ്ടും എത്തുന്നു

**മി**യാമി: 3 വർഷത്തെ ഇടവേളയ്ക്കു ശേഷം ക്യൂബൻ മണ്ണിലേക്കു എൻ.ഐ.വി. ബൈബിൾ വീണ്ടും എത്തുന്നു. 2018-ൽ ക്യൂബയിൽ ന്യൂ ഇൻഡിപെൻഡന്റ് പേർസൺ (എൻ.ഐ.വി.) ബൈബിളുകൾക്ക് നിരോധനം ഏർപ്പെടുത്തിയിരുന്നു. ക്യൂബൻ റിലിജിയസ് അഫയേഴ്സ് ഡിപ്പാർട്ടുമെന്റാണ് ഇപ്പോൾ അംഗീകാരം നൽകിയിരിക്കുന്നത്. 17,000 ബൈബിളുകളാണ് ഇപ്പോൾ ക്യൂബൻ വിപ്ലവ മണ്ണിൽ എത്തുന്നത്. എൻ.ഐ.വി. പ്രസാധകരുടെ പരാതിയിന്മേലാണ് ബൈബിളുകൾ എത്തിക്കുവാൻ അംഗീകാരം നൽകിയിരിക്കുന്നത്. എൻ.ഐ.വി. ബൈബിൾ ലഘുഭാഷാ പ്രയോഗമാണ് ഉപയോഗിച്ചിരിക്കുന്നത്. അതിനാൽ ജനങ്ങൾക്ക് ദൈവവചനം കൂടുതൽ സുപരിചിതമായി ഉപയോഗിക്കുവാൻ കഴിയും. എന്നാൽ കെ.ജെ.വി. ബൈബിളായിരുന്നു ഇതുവരെ ക്യൂബയിൽ പ്രസിദ്ധീകരിക്കാൻ അനുമതി നൽകിയിരുന്നത്. ജനഹൃദയങ്ങളിൽ ദൈവവചനം ശക്തമായി മുന്നേറ്റം നടത്തുവാനുള്ള അവസരം ഇപ്പോൾ തിരിച്ചുവന്നിരിക്കുന്നുവെന്ന് ലാറ്റിൻ അമേരിക്ക ഓഫ് ബിബ്ലിക്ക എക്സിക്യൂട്ടീവ് ഡയറക്ടർ എസ്തബാൻ ഫെർണാണ്ടസ് പറയുന്നു. കമ്മ്യൂണിസ്റ്റ് രാഷ്ടരമായ ക്യൂബയിൽ ഇപ്പോൾ 6 പേരുടെ ഇടയിൽ ഒരു ബൈബിൾ എന്ന കണക്കിൽ വിതരണം നടക്കുന്നതായും ഫെർണാണ്ടസ് പറഞ്ഞു. അനേകം ദൈവമക്കളുടെയും മിഷണറിമാരുടെയും പ്രാർത്ഥനയുടെ ഫലമാണ് പുതിയ മാറ്റത്തിനിടയാക്കിയതെന്നും അദ്ദേഹം പറയുന്നു.







*Printed, Published and owned by Shaji Sukumaran, Room No.20, Karingattil Bldg, Bethel Jn.,Chengannur p.o, Chengannur, Alappuzha Dist, Kerala State 68912 Printed at Silver Jubilee Memorial Offset press , Manjadi p.o, and Published at Room No.20, Karingattil Bldg, Bethel Jn.,Chengannur p.o, Chengannur, Alappuzha Dist, Kerala State 689121. Editor Shaji Sukumaran.*